**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. ബാബുരാജ് വി. എം , സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ ബ്ലോക്ക് (റിട്ടയേർഡ്) ഫയൽ ചെയ്ത OA 1432/2018 - 11.01.2019-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.661/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 20.03.2019.**

---

പരാമർശം: 1) 29.10.2018-ലെ ശ്രീ. ബാബുരാജ്. വി. എം. സമർപ്പിച്ച അപേക്ഷ. (Annexure A11)

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1432/2018 -മേലുള്ള 11.01.2019-ലെ ഉത്തരവ്.

3) ഗ്രാമവികസന കമ്മീഷണറുടെ 24.01.2019-ലെ 12431/എസ്റ്റാ.ബി1/18/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സീനിയർ ഗ്രേഡ് അനുവദിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ശമ്പള പുനർ നിർണയം നടത്തി ശമ്പള കടിശ്ശികയും, പെൻഷൻ, ഡി.സി.ആർ.ജി.-യും തുടർന്നുള്ള ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. ബാബുരാജ് വി. എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 1432/2018 കേസ് ഫയൽ ചെയ്തിരുന്നു. ഇതേ ആവശ്യം ഉന്നയിച്ചു കൊണ്ട് ടിയാൻ സർക്കാരിൽ പരാമർശം (1) പ്രകാരം അപേക്ഷയും സമർപ്പിച്ചിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം വിധി പുറപ്പെടുവിച്ചു.

"The Original Application is disposed of with a direction to the first respondent to take a decision on Annexure A11 representation with in two months from the date of receipt of a copy of this order after giving the applicant an opportunity for hearing."

ശ്രീ. ബാബുരാജ് വി. എം. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന വേളയിൽ ബൈട്രാൻസ്ഫർ വ്യവസ്ഥയിൽ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലായിരുന്നു. ആയതിനാൽ ടിയാന് KS&SSR ഭാഗം 2 ചട്ടം 9(a) (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത വിഭാഗത്തിനുള്ള കേഡർ സ്ട്രെങ്ങ്തിൽ ഒഴിവു വന്നതനുസരിച്ച് 29.12.2012 തീയതി പ്രാബല്യത്തിൽ ടിയാന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം ക്രമീകരിച്ച് ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് ഒരു വർഷം നിരീക്ഷണകാലം കണക്കാക്കി 29.12.2013 തീയതി പ്രാബല്യത്തിൽ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച് 07.03.2014-ൽ ഗ്രാമവികസന കമ്മീഷണർ ഉത്തരവാകുകയും ചെയ്തു.

എന്നാൽ 2011-ലെ വിശേഷാൽ ചട്ടപ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം, തുടർച്ചയായ 3 വർഷത്തിനുള്ളിലെ 2 വർഷക്കാലമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ടി ഉത്തരവ് നിയമപ്രകാരം നിലനിൽക്കുന്നതല്ലെന്ന് ബോദ്ധ്യമായതിനാൽ പ്രസ്തുത ഉത്തരവ് റദ്ദു ചെയ്യുന്നതിനും 2 വർഷക്കാലയളവ് പൂർത്തിയാകുന്ന തീയതിയിൽ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തുവെങ്കിലും ടിയാൻ നാളിതുവരെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലയെന്നും പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ടിയാന് സീനിയർ ഗ്രേഡ് അനുവദിച്ചിട്ടില്ലാത്തതും അപേക്ഷകൻ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച്

മറ്റുവിധത്തിൽ യോഗ്യനാണെങ്കിൽ 29.12.2012 മുതൽ 2 വർഷക്കാലയളവ് കണക്കാക്കി പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതും തുടർന്ന് അർഹനാണെങ്കിൽ സീനിയോറിറ്റി ലിസ്റ്റിലെ മുൻഗണനാ ക്രമമനുസരിച്ച് ടിയാന്റെ ജൂനിയറായ ശ്രീ.നാസർഖാന് സീനിയർ ഗ്രേഡ് അനുവദിച്ച തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് അനുവദിക്കാവുന്നതും ആയതിൻ പ്രകാരം ടിയാന്റെ ശമ്പള നിർണ്ണയം പുനഃക്രമീകരിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.01.2019-ലെ വിധിന്യായ പ്രകാരം അപേക്ഷകനെ 06.03.2019-ന് നേരിൽ കേട്ടു. നേരിൽകേട്ട വേളയിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ ഹയർഗ്രേഡ് അനുവദിക്കണമെന്ന നിവേദനത്തിലെ ആവശ്യത്തിൽ ഉറച്ചുനിന്നു. അപേക്ഷകനും അപേക്ഷകന് വേണ്ടി ടിയാന്റെ അഡ്വക്കേറ്റ് രാജപ്പനും ഹാജരായിരുന്നു. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണർ ടിയാന്റെ പ്രൊബേഷൻ തെറ്റായി ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിൽ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പ്രൊബേഷൻ തീയതി തിരുത്തി ഉത്തരവാകുന്നതിനും നിയമ പ്രകാരം ടിയാന് ലഭിക്കേണ്ട ഹയർഗ്രേഡ് അനുവദിക്കുന്നതിനും അതിനുള്ള നടപടികൾ രണ്ട് മാസത്തിനകം തീർപ്പാക്കുന്നതിനും ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ വിധി നടപ്പിലാക്കി സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ശ്രീ. വി. എം. ബാബുരാജ്, വേലംമ്മാട്ട് ഹൗസ്, അയർക്കുന്നം പി.ഒ. കോട്ടയം - 686 564.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ